# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ 357

## - 23.08.2017-ന് മറുപടി നൽകേണ്ടത്

**കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ സംരക്ഷിക്കാൻ നടപടി**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. കെ.ബാബു<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ.ജെ.മാക്സി** | **ശ്രീ. റ്റി.എം.തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പ മന്ത്രി** |
| എ. | വായ്പ കൊടുക്കുന്നതിലും തിരിച്ചു പിടിക്കുന്നതിലും ഉണ്ടായിട്ടുളള അലംഭാവം മൂലം പ്രതിസന്ധി യിലായിരുന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ സംരക്ഷി ക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച തെന്ന് വ്യക്തമാക്കാമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ അംഗീകൃത ഓഹരി മൂലധനം (Authorised share capital) 350 കോടി രൂപയാണ്. കോർപ്പറേഷനിൽ ലോൺ അനുവദിക്കുന്നതും തിരിച്ചു പിടിക്കുന്നതും സ്ഥാപനം സ്വന്തം നിലയിലാണ് ചെയ്തു വരുന്നത്. നിഷ്ക്രിയആസ്തി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന കർശന സന്ദേശം നൽകിയിട്ടുണ്ട്. |
| ബി | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുത്ത നിരവധി വായ്പകൾ, നിഷ്ക്രിയ ആസ്തികളായി മാറിയതായി പറയപ്പെടുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | 2011-12 ൽ 3.6 ശതമാനമായിരുന്ന നിഷ്ക്രിയ ആസ്തി 2015-16 സാമ്പത്തിക വർഷം 10.57 ശതമാനമായി ഉയർന്നു. 2016-17 സാമ്പത്തിക വർഷം നിഷ്ക്രിയ ആസ്തി 8.51 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.<br>(1) നിഷ്ക്രിയ വായ്പകൾ തിരിച്ചു പിടിക്കുന്നതിനായി പ്രത്യേക റിക്കവറി യജ്ഞം ഉൾപ്പടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു.<br>(2) വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർക്കശമാക്കി<br>(3) ആഡിറ്റിംഗ് സംവിധാനങ്ങൾ ശക്തമാക്കി. |
| സി | വിദ്യാസമ്പന്നരായ നവസംരം ഭകർക്ക് സംരംഭങ്ങൾ ആരംഭി ക്കുന്നതിന് കെ.എഫ്.സി.യുടെ ആഭിമുഖ്യത്തിൽ വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാ ക്കാമോ? | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദ്യാസമ്പന്നരായ നവസംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനായി "കേരള സംസ്ഥാന സ്വയംസംരംഭക വികസന പദ്ധതി" നടപ്പിലാക്കിയിരുന്നു. ആയതിന്റെ 5 വർഷക്കാലാവധി പൂർത്തിയായിട്ടുണ്ട്. "യുവജന സംരംഭകത്വ വികസന പദ്ധതി" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

Sayd

**സെക്ഷൻ ഓഫീസർ**